LIBRARY ARCHIVES Kerala Legislative Assembly

## തൈയ്ക്കാട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ ക്വാർട്ടേഴ്സുകൾ

205 (5614) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈയ്ക്കാട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാന ത്തിലാണെന്ന് വ്യക്തമാക്കാമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾക്ക് അപേക്ഷിക്കുന്നതിന് യോഗ്യത നിശ്ചയിച്ചിട്ടു ണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ അത് വിശദീകരിക്കുമോ;

(സി) അപേക്ഷിക്കുന്നതിനുള്ള യോഗ്യതയിൽ ആർക്കെങ്കിലും ഇളവ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാ നത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പരിശീലന കേന്ദ്രത്തിൽ എത്ര ക്വാർട്ടേഴ്സുകളുണ്ടെന്നും നിലവിൽ ആർക്കെല്ലാമാണ് അത് അനുവദിച്ചിട്ടുള്ളതെന്നും പേരും തസ്തികയും സഹിതം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ക്വാർട്ടേഴ്സുകൾക്ക് നിലവിൽ അപേക്ഷകരുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ അപേക്ഷകരുടെ മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് നൽകാമോ?

### ഉത്തരം

(എ) തൈയ്ക്കാട് ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിലെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിന് 24-12-2000-ന് നിലവിൽ വന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ എം.എച്ച്3-88275/99/ആ.വ.ഡ. എന്ന ഉത്തരവാണ് നിലവിൽ അടിസ്ഥാനമാക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു*

(ബി) യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലും സമാന റാങ്കിലുള്ളവർക്കും ആണ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്.

(സി) ഇളവ് നൽകിയിട്ടുണ്ട്. നിശ്ചിത വിഭാഗത്തിലുള്ള ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ ആവശ്യമില്ലാത്തപക്ഷം വകുപ്പിലെ മറ്റുവിഭാഗം ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ക്വാർട്ടേഴ്സ് അനുവദിച്ചു വരുന്നുണ്ട്. ഇതിനായി പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) തിരുവനന്തപുരം തൈയ്ക്കാട് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയറിനോട് അനുബന്ധിച്ച് ആരോഗ്യവകുപ്പിന്റെ അധീനതയിൽ 3 ക്വാർട്ടേഴ്സുകളാണ് നിലവിലുള്ളത്. ആകെ ഉണ്ടായിരുന്ന അഞ്ച് ക്വാർട്ടേഴ്സുകളിൽ മേൽപ്പറഞ്ഞവ ഒഴികെ മറ്റ് 2 ക്വാർട്ടേഴ്സുകൾ പൊളിച്ച് സ്ഥലം ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന് കെട്ടിടം നിർമ്മിക്കുവാൻ കൈമാറിയിട്ടുണ്ട്. നിലവിൽ ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളവരുടെ പേരും തസ്തികയും താഴെ കൊടുക്കുന്നു.

1. ഡോ. സെമീറ. എ. - അഡീഷണൽ ഡയറക്ടർ (ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് (അഡ്മിനിസ്ട്രേഷൻ & ട്രെയിനിംഗ്))
2. അജയകുമാർ എൻ.പി. - ചീഫ് ഓപ്പറേറ്റർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് (ഓഡിയോ വിഷ്വൽ)
3. ഡി. പി. സെൻകുമാർ - സീനിയർ ക്ലാർക്ക്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

(ഇ) നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആയ ഡോ. ശ്രീലത. ആർ. -ന്റെ അപേക്ഷ നിലനിൽക്കുന്നുണ്ട്.

**കാസർഗോഡ് ജനറൽ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ**

206 (5615) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ വിവിധ തരത്തിലുള്ള രോഗങ്ങൾ ബാധിച്ചെത്തുന്നവർക്ക് ഏതെല്ലാം ചികിത്സാ സംവിധാനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംവിധാനങ്ങൾ രോഗികൾക്ക് സൗജന്യമായിട്ടാണോ ലഭ്യമാകുന്നതെന്നും ഏതെങ്കിലും സേവനത്തിനും സംവിധാനത്തിനും പണം നൽകേണ്ടതുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) രോഗനിർണ്ണയത്തിനും തുടർന്നുള്ള ചികിത്സയ്ക്കും സി.ടി.സ്കാൻ എം.ആർ.ഐ തുടങ്ങിയ സംവിധാനങ്ങൾ പുറമെ നിന്ന് പ്രയോജനപ്പെടുത്താൻ സാമ്പത്തിക ശേഷിയില്ലാത്ത രോഗികൾക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ;

(ഡി) ചെറുതും വലുതുമായ രോഗങ്ങൾക്ക് പരിശോധനകളും ചികിത്സകളും സൗജന്യമായി രോഗികൾക്ക് ലഭ്യമാകുന്ന നിലയിൽ കാസർഗോഡ് ജനറൽ ആശുപത്രി എത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ ഏതെല്ലാം പരിശോധനകൾക്കും ചികിത്സയ്ക്കുമാണ് രോഗികൾ പുറമെയുള്ള കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നത്; ഇതിന് ശാശ്വതപരിഹാരം ഉണ്ടാകുമോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly